പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2015 ഒക്ടോബർ 1 മുതൽ 2016 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

# (2016-2019)

**മൂന്നാമത് റിപ്പോർട്ട്**

(2017 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2015 ഒക്ടോബർ 1 മുതൽ 2016 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]**

1320/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | | 1 |
| അനുബന്ധം I | | 9 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. പി. ജെ. ജോസഫ്, എം. എൽ. എ.

ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാംകുമാർ എസ്. പി., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഒക്ടോബർ 1-ാം തീയതി മുതൽ 2016 ഡിസംബർ 31-ാം തീയതി വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളുടെ വിവരവും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും, നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

റിപ്പോർട്ട് കാലയളവിൽ സമിതി, പ്രവാസി മലയാളികളെ സംബന്ധിക്കുന്ന 3 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രവാസികളെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ക്രിയാത്മകമായ പല നിർദ്ദേശങ്ങളും, ശിപാർശകളും മുന്നോട്ടുവെയ്ക്കുകയും ചെയ്തു. സമിതിയുടെ പ്രസ്തുത നിർദ്ദേശങ്ങളും ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമിതിയുടെ പരിഗണനയിൽ നിലവിലുള്ള ഹർജികൾ, ഗവൺമെന്റിൽ നിന്നും അനുകൂല മറുപടി ലഭിച്ച ഹർജികൾ, ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

2017 ആഗസ്റ്റ് 22-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 24.

# റിപ്പോർട്ട്

ആകാശക്കാഴ്ചകൾ സ്വപ്നം കാണാൻ പോലും സാധിക്കാതിരുന്ന ഏറെക്കുറെ നിരക്ഷരരും ദരിദ്രരും ആയിരുന്ന എഴുപതുകളിലെ മലയാളിക്ക് എത്തിപ്പെടാൻ പറ്റുന്ന പറുദീസയായി ഗൾഫ് രാജ്യങ്ങൾ മാറിയപ്പോൾ ഒരു നാടിന്റെ ജീവിത സംസ്കാരത്തെ തന്നെയത് മാറ്റിമറിച്ചു. കഴിക്കുന്ന ഭക്ഷണത്തിലും ധരിക്കുന്ന വസ്ത്രത്തിലും, പഠിക്കുന്ന സ്കൂളിലും പാർക്കുന്ന വീട്ടിലും അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടായി. ജീവിത നിലവാരം ഉയർത്തുന്നതിനും ഭൂമിയുടെ മതിപ്പുവില കൂട്ടുന്നതിനും കൂറ്റൻ രമ്യഹർമ്മങ്ങൾ പണികഴിപ്പിക്കുന്നതിനുമായി പ്രവാസി മലയാളികൾ നാട്ടിലേക്ക് ഒഴുക്കിയ പണത്തിന് കണക്കുകളില്ല. ഏറ്റവും മികച്ചത് തങ്ങളുടെ കുടുംബത്തിലെത്തിക്കാൻ അവർ പ്രയത്നിച്ചതിന്റെ ശിഷ്ടപത്രമാണ് ദരിദ്രർ ഏറ്റവും കുറഞ്ഞ ഇൻഡ്യയിലെ സംസ്ഥാനങ്ങളിലൊന്നാക്കി കേരളത്തെ മാറ്റിയതെന്ന് നിസ്സംശയം പറയാം.

2. സ്വന്തം നാട്ടിൽ ചെറുതൊഴിലുകൾ ചെയ്യാൻ മടിയുള്ള മലയാളികൾ അന്യനാട്ടുകളിലെ പൊള്ളുന്ന ഭൂമിയിൽ സമ്പദ് സമൃദ്ധികൾ കൊയ്തെടുക്കുന്നതിനായി കഠിനാദ്ധ്വാനികളായി. എന്നാൽ സാമ്പത്തിക മാന്ദ്യവും തൊഴിലവസരങ്ങളിലുണ്ടായ ഗണ്യമായ കുറവും ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ തൊഴിൽ വാതായനങ്ങൾ ഓരോന്നായി അടയ്ക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കി. ഇത് പ്രവാസി മലയാളികളേയും അവരെ ആശ്രയിച്ച് കഴിയുന്ന ഏകദേശം അൻപത് ലക്ഷത്തിൽപ്പരം ആളുകളേയും ബാധിക്കുന്ന തരത്തിൽ ഗുരുതരപ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ലോകരാജ്യങ്ങൾക്കു മുമ്പിൽ പ്രവാസിപണലഭ്യതയിൽ ഇന്ത്യയ്ക്കുള്ള ഒന്നാം സ്ഥാനവും ഇന്ത്യയിൽ ഈ സ്ഥാനത്തിന് അർഹമായ കേരളവും ഈ വസ്തുതകൾക്കു മുമ്പിൽ ഞെട്ടലോടെ നിൽക്കുന്നു.

3. കേരളത്തിൽ നിന്നുള്ള പ്രവാസികളിൽ 90%-ത്തോളം ഗൾഫ് രാജ്യങ്ങളിലാണെന്നിരിക്കെ വിദേശത്ത് നിന്ന് തൊഴിൽ നഷ്ടമായി മടങ്ങി വരുന്നവർക്കുള്ള പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ട അപേക്ഷകരുടെ എണ്ണം 30000 കഴിഞ്ഞിരിക്കുന്നു എന്നത് ഉത്കണ്ഠ വർദ്ധിപ്പിക്കുന്നു. തുച്ഛമായ വേതനത്തിന് തൊഴിൽ ചെയ്തു വന്നിരുന്ന അവിദഗ്ധ തൊഴിലാളികളിലാണ് ഇത് രൂക്ഷമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നത്. പ്രവാസി മലയാളികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനമുള്ള സൗദി അറേബ്യയിൽ വിദ്യാഭ്യാസം, ഐ.ടി, ടെലികമ്മ്യൂണിക്കേഷൻ, ഗതാഗതം, ധനകാര്യം എന്നീ മേഖലകളിലേയ്ക്ക് സ്വദേശിവൽക്കരണം ബാധിച്ചിരിക്കുന്നു.

4. കണക്കുകൾ പ്രകാരം 2014-ൽ ഏകദേശം 72 കോടി രൂപ പ്രവാസികൾ നാട്ടിലേയ്ക്കയച്ചിരുന്നത് 2016-ൽ എത്തുമ്പോൾ 64 കോടിയോടടുത്താണെന്നത് ഗൗരവമേറിയ വിഷയമാണ്. ഗൾഫ് മേഖലയിലെ ശമ്പളക്കുറവും, രൂപയുടെ മൂല്യവർദ്ധനവും, തൊഴിൽ തേടിപ്പോകുന്ന പ്രവാസിമലയാളികളുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ കുറവും ഇതിന് കാരണമായിട്ടുണ്ട്.

5. ഗൾഫിൽ സ്ഥിരപൗരത്വം ലഭിച്ച് ആജീവനാന്തം താമസിക്കാൻ സാധിക്കില്ലെന്ന വസ്തുതയിരിക്കെ തന്നെ പ്രത്യേക സാഹചര്യങ്ങളിൽ കൂട്ടത്തോടെ മടങ്ങിവരവ് സൃഷ്ടിക്കുന്ന പ്രതിസന്ധി ഭയാനകമാണ്. ബന്ധുക്കളും പരിചയക്കാരുമുള്ള മലയാളികളെ നെറ്റ്‌വർക്കിംഗ് മൈഗ്രേറ്റ്സ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്നത് തൊഴിൽ നഷ്ടപ്പെട്ടാലും സംരക്ഷിക്കുന്നതിന് ആൾക്കാരുണ്ടെന്ന അർത്ഥത്തിലാണ്. 2013-ലെ പ്രവാസി മലയാളി സെൻസസിൽ ആണ് വിദേശത്തുള്ള മലയാളികളുടെ കണക്കുകൾ ഏറെക്കുറെ വ്യക്തമായിട്ടുള്ളത്. എന്നിരുന്നാലും കണക്കിൽ ഉൾപ്പെടാത്തവർ ആയിരക്കണക്കിനുണ്ട് എന്നതാണ് യാഥാർത്ഥ്യം.

6. ഗൾഫ് രാജ്യങ്ങളെ കൂടാതെ മറ്റ് വിദേശ രാജ്യങ്ങളിലും ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലും അധിവസിക്കുന്ന പ്രവാസി മലയാളികളുടെയും പ്രവാസ ജീവിതം മതിയാക്കി നാട്ടിലെത്തിയ മലയാളികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനും, അവരുടെ വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ടതാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി. പ്രവാസി കേരളീയകാര്യ വകുപ്പ് ആവിഷ്കരിക്കുന്നതും നോർക്കറൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നീ ഏജൻസികൾ വഴി നടപ്പിലാക്കുന്നതുമായ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും സമിതി ഉത്തരവാദപ്പെട്ടിരിക്കുന്നു. കൂടാതെ പ്രവാസി മലയാളികളെ ബാധിക്കുന്ന ദേശീയവും അന്തർദേശീയവുമായ വിഷയങ്ങളിൽ സജീവമായി ഇടപെടുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും, സമിതിക്ക് യുക്തമെന്ന് തോന്നുന്നതോ, സഭയോ ബഹു. സ്പീക്കറോ പ്രത്യേകമായി റഫർ ചെയ്യുന്ന വിഷയങ്ങൾ പരിശോധിക്കുന്നതും സമിതിയുടെ കർത്തവ്യത്തിൽ ഉൾപ്പെടുന്നു.

7. 1-10-2015 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ സമിതി നടത്തിയ പ്രവർത്തനങ്ങളും പരിഗണനയിലുള്ള ഹർജികളും സമർപ്പിച്ച റിപ്പോർട്ടുകളും സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട വിഷയങ്ങളും സമിതിയുടെ വിവിധ ശിപാർശകളും കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

8. റിപ്പോർട്ട് കാലയളവിൽ തെളിവെടുപ്പ് യോഗങ്ങൾ ഉൾപ്പെടെ 11 യോഗങ്ങൾ സമിതി ചേരുകയുണ്ടായി. പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിരവധി ഹർജികളും ഇക്കാലയളവിൽ ലഭിക്കുകയുണ്ടായി. 2013 ജൂൺ 1 മുതൽ 2015 സെപ്റ്റംബർ 30 വരെ പരിഗണിച്ച ഹർജികൾ ഉൾപ്പെടുത്തിയ സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ട്, പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി (2010-11) യുടെ

ഒന്നാമത് റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, പ്രവാസി മലയാളികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ട് എന്നിങ്ങനെ 3 റിപ്പോർട്ടുകൾ ഈ കാലയളവിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

9. സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ടിൽ, പ്രവാസി ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് ലഭിക്കുന്ന പെൻഷൻ തുക ഇന്നത്തെ ജീവിതസാഹചര്യമനുസരിച്ച് തുച്ഛമായതിനാലും, ക്ഷേമനിധിയിലേക്ക് പ്രതിമാസം അടയ്ക്കുന്ന തുകയ്ക്ക് അനുസൃതമായ പെൻഷനല്ല ലഭിക്കുന്നതെന്ന വസ്തുത കണക്കിലെടുത്തും സമിതി ഗൗരവപൂർവ്വം വിഷയം പരിഗണിക്കുകയും നാട്ടിൽ മടങ്ങിയെത്തിയതും അംശാദായം 100 രൂപ നിരക്കിൽ അടയ്ക്കുന്നവരുമായ 60 വയസ്സ് കഴിഞ്ഞവർക്ക് ക്ഷേമനിധി പെൻഷൻ തുക 500 എന്നത് 3000 ആക്കുന്നതിനും പ്രതിമാസം 300 രൂപ നിരക്കിൽ അംശാദായം അടയ്ക്കുന്ന പ്രവാസി മലയാളികളിൽ 60 വയസ്സ് പൂർത്തിയായവർക്ക് 5000 രൂപ പെൻഷൻ എന്ന ക്രമത്തിലും മാറ്റുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള 60 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളവർക്ക് 2000 രൂപ പെൻഷൻ നൽകുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക അപര്യാപ്തമാണെന്നും ആയത് കാലോചിതമായി ഇനിയും പരിഷ്കരിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ അംശാദായം കൂടുതൽ അടയ്ക്കുന്നവർക്ക് അതിനനുസൃത മായി പെൻഷൻ തുക മാറ്റേണ്ടതുണ്ടെന്നും ആയതു കൂടി പരിഗണിക്കേണ്ടതുണ്ടെന്നും സമിതി നിർദ്ദേശിക്കുന്നു.

10. സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ടിലെ പ്രധാന ശിപാർശകളിൽ ഉൾപ്പെട്ടതായിരുന്നു പ്രവാസിക്ഷേമനിധി അംഗത്വം എടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി വേഗത്തിലാക്കണമെന്നത്. പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവെന്നത് അഭിമാനാർഹമായ നേട്ടമായി സമിതി കാണുന്നു.

### സമിതിയുടെ നിഗമനങ്ങൾ /ശിപാർശകൾ

11. വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി 2009-ൽ ആരംഭിച്ച കാരുണ്യപദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. എംബസിയോ, സ്പോൺസർമാരോ ഈ വിഷയത്തിൽ ഇടപെട്ട് തുക ചെലവഴിച്ചിട്ടുണ്ടോയെന്ന കൺഫർമേഷൻ എംബസിയിൽ നിന്ന് വാങ്ങണമെന്ന വ്യവസ്ഥമൂലമാണ് ഇക്കാര്യത്തിൽ അകാരണമായ കാലതാമസമുണ്ടാകുന്നതെന്ന് കാണുന്നു. ആയതിനാൽ കാരുണ്യപദ്ധതി പ്രകാരം മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ ഇടപെടുന്നതിനും, നിയമസഹായം വേണ്ട സന്ദർഭങ്ങളിൽ അടിയന്തരമായി പ്രവർത്തിക്കുന്നതിനും വേണ്ടി രൂപം കൊണ്ട അർദ്ധ ജുഡീഷ്യറി സംവിധാനത്തോടു കൂടിയ പ്രവാസികാര്യ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കമ്മീഷനിൽ അംഗങ്ങളുടെ അഭാവവും, അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യവും ഉള്ളതിനാൽ കാര്യക്ഷമമായ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ലെന്നത് ഖേദകരമാണ്. നൂറുകണക്കിന് കേസുകൾ തീർപ്പുകല്പിക്കുന്നതിനായി ഉള്ളപ്പോൾ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമല്ലാതെ പോകുന്നത് ഗൗരവമേറിയ വിഷയമായി സമിതി കണക്കാക്കുന്നു. ആയതിനാൽ പ്രവാസികാര്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപടികൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഗൾഫ് മലയാളികളുടെ നിത്യ ആശങ്കയായ വിമാനയാത്രാ കൂലിയിലെ വർദ്ധനവ് കുറയ്ക്കുന്നത് സംബന്ധിച്ച് സമിതിയുടെ നിരവധി റിപ്പോർട്ടുകളിൽ ശക്തമായി ആവശ്യപ്പെട്ടിട്ടും ആയത് സംബന്ധിച്ച് കൃത്യമായ മറുപടിയോ, അനുകൂലമായ തീരുമാനങ്ങളോ സർക്കാർ/കേന്ദ്രസർക്കാർ തലങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെന്നത് വർദ്ധിച്ച ഉത്കണ്ഠയോടെ സമിതി മനസ്സിലാക്കുന്നു. ഉത്സവ സമയങ്ങളിലും, അടിയന്തര ഘട്ടങ്ങളിലും സമ്പാദ്യം മുഴുവനും ചെലവിട്ട് നാട്ടിലെത്തേണ്ട ഗതികേടിലുള്ള മലയാളികൾ കാലാകാലങ്ങളായി അപേക്ഷിക്കുന്ന പ്രസ്തുത വിഷയത്തിൽ എത്രയും വേഗം അനുകൂല നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

14. പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നവരുടെ സംഖ്യയിലുണ്ടായ പതിന്മടങ്ങ് വർദ്ധനവ് ആശാവഹമായ സംഗതിയാണെങ്കിലും ആയതിനനുസരിച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും കുടിശ്ശിക തുക ഒറ്റത്തവണ ഒടുക്കി അംഗത്വം പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും പെൻഷൻ തുക കൃത്യമായും വിതരണം നടത്തണമെന്നും മറ്റ് ആനുകൂല്യങ്ങളിൽ കാലതാമസം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ഇന്ത്യൻ ജനാധിപത്യ സമ്പ്രദായത്തിൽ പ്രവാസി ഇന്ത്യക്കാരുടേയും അതിൽ പ്രവാസി മലയാളികളുടെയും ചിരകാല സ്വപ്നമായ പൊതുതെരഞ്ഞെടുപ്പുകളിലെ സമ്മതിദാനാവകാശം പ്രവാസി മുക്ത്യാർ വോട്ടാക്കുന്നതിൽ ധാരാളം ആശങ്കകൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. 'പ്രോക്സി' വോട്ട് സംബന്ധിച്ച് പരാതികൾ ഉള്ളതിനാൽ അടിയന്തരമായി ഈ വിഷയത്തിൽ വകുപ്പ് ഇടപെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. സ്വദേശീവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശത്തുള്ള തൊഴിലാളികളെ നിയമിക്കുന്ന സ്വകാര്യ കമ്പനികളും വിദേശികളുടെ ആശ്രിത വിസയിൽ കഴിയുന്നവരും പ്രവാസി ലെവി നല്കണമെന്ന നിയമം സൗദി അറേബ്യയിൽ പ്രാബല്യത്തിൽ വരുന്നത് പ്രവാസി മലയാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ലേബർ ക്യാമ്പുകളിലും കഫ്ത്തീരിയകളിലും ജോലിനോക്കുന്ന ലക്ഷക്കണക്കിന് മലയാളികളെ ബാധിക്കുന്ന പ്രശ്നമായതിനാൽ ഇക്കാര്യത്താൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന തൊഴിലാളികൾക്കായി വരും വർഷങ്ങളിൽ പുനരധിവാസ പാക്കേജ് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സമീപ കാലത്ത് ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിൽ കേരളത്തെക്കാൾ വളരെ മുന്നിലാണ് ഉത്തർ പ്രദേശ് പോലുള്ള സംസ്ഥാനങ്ങൾ കുടിയേറ്റത്തിലെ കുറവും മടങ്ങിവരവിലെ കുത്തൊഴുക്കും നമ്മുടെ സമ്പദ്ഘടനയിൽ പ്രകടമായ മാറ്റങ്ങൾ വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. മടങ്ങിവരുന്നവരുടെ പുനരധിവാസത്തിനായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട് എന്നത് ആശ്വാസകരമായി സമിതി കാണുന്നു. മടങ്ങിവരുന്നവരിലെ മികച്ച സംരംഭകരെ കണ്ടെത്തി വാണിജ്യ വ്യവസായ രംഗങ്ങളിൽ പ്രാതിനിധ്യം നൽകേണ്ടതാണെന്നും ആയതിന് വകുപ്പ് തലത്തിൽ ഏകോപന പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. നാളിതുവരെ ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാത്ത ഹർജികൾ സംബന്ധിച്ച പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു. പ്രസ്തുത ഹർജികളിൽമേൽ എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സമിതിക്ക് ലഭിച്ച പരാതികളിൽ ഗവൺമെന്റിൽ നിന്നും അനുകൂല മറുപടി ലഭിച്ച പരാതികളെ സംബന്ധിച്ച വിവരം</u>

1. ശ്രീ. കെ. വി. മുസ്തഫ, ജനറൽ സെക്രട്ടറി, പ്രവാസി ലീഗ് ശിഹാബ് തങ്ങൾ സ്മാരകം, പുളപ്പള്ളിൽ സ്ട്രീറ്റ്, നൂറണി പി.ഒ., പാലക്കാട്
(ഫയൽ നമ്പർ 21992/എൻ.ആർ.കെ.ഡബ്ല്യൂ.സി1/13/നി.സെ.)

പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് സമർപ്പിച്ച ഹർജിയിലെ പ്രവാസി വ്യവസായ സംരംഭകർക്ക് സേവനങ്ങൾ എളുപ്പം ലഭിക്കാൻ ഏകജാലക സംവിധാനം ഉറപ്പുവരുത്തണം എന്ന ആവശ്യം.

നോർക്കയുടെ കീഴിൽ പ്രവാസി സംരംഭകർക്കായി ഏകജാലക സംവിധാനം ഒരുക്കുന്നതിനായി തൈക്കാട്ടുള്ള നോർക്ക സെന്ററിൽ നോർക്ക - ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

2. ശ്രീ. വി. കെ. രാജൻ, കീഴ്പാടം, മുണ്ടൂർ പാലക്കാട്
(ഫയൽ നമ്പർ 22030/എൻ.ആർ.കെ.ഡബ്ല്യൂ.സി2/13/നി.സെ.)

നിതാഖത്മൂലം നാട്ടിൽ തിരികെയെത്തിയ തനിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം ലഭ്യമാക്കാൻ സഹായിക്കണം എന്നഭ്യർത്ഥിച്ച സമർപ്പിച്ച ഹർജി.

മടങ്ങിയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധനം ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്ന എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാൻ ഹർജിക്കാരന് നിർദ്ദേശം നല്കിയതായി പ്രവാസി കേരളീയകാര്യ വകുപ്പ് 19-1-2017-ലെ എ 3/2137/2014/നോർക്ക കത്തു മുഖേന അറിയിച്ചിട്ടുണ്ട്.

3. ശ്രീ. ജെറാൾ ജോൺസൺ, ശക്തികുളങ്ങര, കൊല്ലം
(ഫയൽ നമ്പർ 12949/എൻ.ആർ.കെ.ഡബ്ല്യൂ.സി2/13/നി.സെ.)

സ്വതന്ത്രമായി ജോലിചെയ്യുന്നതിന് എംപ്ലോയ്മെന്റ് വിസ ലഭിക്കുന്നതിനായി യു.എ.ഇ. എംബസി മുഖേന അവിടെ ഇറങ്ങാനുള്ള സാഹചര്യം ഒരുക്കാൻ സഹായിക്കണമെന്നഭ്യർത്ഥിച്ച സമർപ്പിച്ച ഹർജി.

വീസ അനുവദിക്കുന്നതിനുള്ള അധികാരം യു.എ.ഇ. ഗവൺമെന്റിൽ നിക്ഷിപ്തമാണെന്നും ആയതിനാൽ General Directorate of Residence and Foreign Affairs, Abu Dhabi യുമായി ബന്ധപ്പെടുവാൻ അപേക്ഷകന് നിർദ്ദേശം നല്കിയതായി പ്രവാസി കേരളീയകാര്യ വകുപ്പ് 30-12-2016-ലെ എ 3/164/2016/നോർക്ക നമ്പർ കത്തുവഴി അറിയിച്ചിട്ടുണ്ട്.

4. ശ്രീ. റജിമോൻ, പി. ടി., ആഷ്‌ലോൺ വില്ല, കിളികൊല്ലൂർ, കൊല്ലം
(ഫയൽ നമ്പർ 17695/എൻ.ആർ.കെ.ഡബ്ല്യൂ.സി2/12/നി.സെ.)

കോർപ്പറേഷനിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള തന്റെ വീടിന്റെ സൺഷേഡുഭാഗം പൊളിച്ചുനീക്കണമെന്ന കൊല്ലം കോർപ്പറേഷന്റെ തീരുമാനത്തിനെതിരെ സമർപ്പിച്ച ഹർജി.

ഈ വിഷയത്തിൽ റെജിമോന്റെ വീടിന്റെ സൺഷേഡ് വഴിയിലേക്ക് തള്ളിനിൽക്കുന്നുവെന്ന് പരാതി നല്കിയവർ അതു പിൻവലിക്കുകയും വഴിഭാഗം വീതികൂട്ടുകയും ചെയ്തതോടെ പ്രശ്നം പരിഹരിക്കപ്പെട്ടതായി 11635/ആർ.എ 3/15/തസ്വഭവ കത്തുവഴി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

5. ശ്രീ. മജീദ് കോട്ടീരി, ജനറൽ സെക്രട്ടറി, കെ.എ.സി.സി. മലപ്പുറം
(ഫയൽ നമ്പർ 15826/എൻ.ആർ.കെ.ഡബ്ല്യൂ.സി2/13/നി.സെ.)

നോർക്ക വകുപ്പുമന്ത്രിയുടെ സഹായ പദ്ധതികൾക്ക് അർഹത നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തി നിശ്ചയിക്കണമെന്നഭ്യർത്ഥിച്ച് സമർപ്പിച്ചത്.

നോർക്ക വകുപ്പുമന്ത്രിയുടെ സഹായ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിലുണ്ടായിരുന്ന 25000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തി നിശ്ചയിച്ചുവെന്ന് 24-4-2014-ലെ 5801/ബി2/2013/നോർക്ക കത്തുവഴി പ്രവാസി കേരളീയകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

6. പ്രവാസി വെൽഫെയർ ഓർഗനൈസേഷൻ, കൊല്ലം
(ഫയൽ നമ്പർ 12955/എൻ.ആർ.കെ.ഡബ്ല്യൂ.സി2/13/നി.സെ.)

മുൻപ് വിദേശത്ത് ജോലി ചെയ്തിരുന്നവരുടെ പക്കൽ നിന്നും ഹൗസിംഗ് ബോർഡ് ഫ്ലാറ്റ് നല്കാമെന്ന് വാഗ്ദാനം ചെയ്ത് 100 അമേരിക്കൻ ഡോളർ വീതം വാങ്ങിയശേഷം ഫ്ലാറ്റ് ലഭിക്കാത്തവരുടെ പണം തിരികെ നല്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് നൽകിയത്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വിദേശ ഇന്ത്യക്കാർക്കുള്ള ഭവന പദ്ധതി പ്രകാരം അലോട്ട്മെന്റ് ലഭിക്കാത്ത അപേക്ഷകർക്ക് അവർ ആവശ്യപ്പെടുന്ന മുറക്ക് ബോർഡിൽ അടച്ചിട്ടുള്ള 50 ഡോളർ നിരതദ്രവ്യം തിരികെ നല്കുന്നുണ്ടെന്നും ആയതിലേക്കായി അസ്സൽ രസീതും ആവശ്യമായ വൗച്ചറുകളും ഒപ്പിട്ട് നൽകുന്ന മുറയ്ക്ക് തുക തിരികെ നല്കുന്നതാണെന്നും ബോർഡ് അറിയിച്ചതായി പ്രവാസി കേരളീയകാര്യ വകുപ്പ് 30-12-2016-ലെ എ 1/85/2016/നോർക്ക കത്തുവഴി അറിയിച്ചു.

7. ശ്രീ. ബാബു ഷെരീഫ്, ശ്രീ. എ.എം. നൗഫൽ ആലപ്പുഴ
(ഫയൽ നമ്പർ 19687/എൻ.ആർ.കെ.ഡബ്ല്യൂ.സി2/14/നി.സെ.)

പ്രവാസി പുനരധിവാസ പദ്ധതികൾക്ക് അപേക്ഷിക്കുവാൻ നിലവിൽ ഏതാനും ജില്ലയിൽ മാത്രമേ സംവിധാനമുള്ളുവെന്നും ആലപ്പുഴ ജില്ലയിലും ഈ സംവിധാനമൊരുക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചത്.

എല്ലാ ജില്ലകളിലുമുള്ള പ്രവാസികൾക്കും പ്രവാസി പുനരധിവാസ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് 20-9-2016-ലെ 8115/ബി2/2014/നോർക്ക കത്തു മുഖേന അറിയിച്ചിട്ടുണ്ട്.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 24.

അനുബന്ധം I

## സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതുമായ ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| **പ്രവാസി കേരളീയകാര്യ വകുപ്പ്** | | |
| 1 | സമിതി (2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള . അനന്തര നടപടികൾ സംബന്ധിച്ച് (ഫയൽ നമ്പർ 19026/എൻ.ആർ.കെ.ഡബ്ല്യു സി1/2012/നി.സെ) | 5865/ബി2/2012/നോർക്ക തീയതി 19-11-2012 |
| 2 | പ്രവാസികൾക്കുള്ള ചികിത്സ ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. തൊട്ടിയിൽ ബാവ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15922/എൻ.ആർ.കെ.ഡബ്ല്യു സി1/2013/നി.സെ.) | 5671/എ 1/2013/നോർക്ക തീയതി 19-9-2014 |
| 3 | പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതിയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ശ്രീ. ഷാഫി ഖുറൈഷി, പാലക്കാട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 21994/എൻ.ആർ.കെ.ഡബ്ല്യു സി1/2013/നി.സെ.) | 1512/എ 1/2014/നോർക്ക തീയതി 22-4-2014 |
| 4 | സമിതി (2011-2014)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽ നമ്പർ 12812/എൻ.ആർ.കെ.ഡബ്ല്യു സി1/2014/നി.സെ.) | 1955/ബി2/2014/നോർക്ക തീയതി 11-8-2015 |

1320/2017.

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 5 | സമിതി (2011-2014)യുടെ 10-12-2013-ലെ തെളിവെടുപ്പ് യോഗത്തിലെ വിവിധ ശിപാർശ കളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽ നമ്പർ 13036/എൻ.ആർ.കെ.ഡബ്ല്യു സി1/2014/നി.സെ.) | 2188/ബി2/2014/നോർക്ക തീയതി 4-9-2015 |
| 6 | സ്ലോട്ടറിക്കട തുടങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. ഹാരീസ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 19632/എൻ.ആർ.കെ.ഡബ്ല്യു സി1/2014/നി.സെ.) | 71490/ഡി സി3/2014 തീയതി 15-12-2014 |
| 7 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഷാഹുൽ ഹമീദ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 1689/എൻ.ആർ.കെ.ഡബ്ല്യു സി1/2014/നി.സെ.) | 8327/എ 2/2014/നോർക്ക തീയതി 13-10-2012 |
| 8 | പ്രവാസി കേരളീയകാര്യ വകുപ്പിന് അനുവദിച്ചതും വകുപ്പ് വിനിയോഗിച്ചതുമായ തുകയുടെ വിശദാംശ ങ്ങൾ സംബന്ധിച്ച് (ഫയൽ നമ്പർ 15544/എൻ.ആർ.കെ.ഡബ്ല്യു സി1/2016/നി.സെ.) | |
| 9 | സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു സി1/2016/നി.സെ.) | |
| 10 | മുംബൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 20819/എൻ.ആർ.കെ.ഡബ്ല്യു.സി1/16/നി.സെ.) | |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 11 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച ജിദ്ദ-കൊണ്ടോട്ടി മുസ്ലീം കൾച്ചറൽ സെന്റർ കമ്മിറ്റി സമർപ്പിച്ചത് (ഫയൽ നമ്പർ 23162/എൻ.ആർ.കെ.ഡബ്ല്യൂ.സി1/ 2016/ നി.സെ.) | 25/ബി2/2017/നോർക്ക |
| 12 | യു.എ.ഇ.യിൽ മരണമടഞ്ഞ ബിജുവിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. മഞ്ഞക്കളം നാരായണൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23164/എൻ.ആർ.കെ.ഡബ്ല്യൂ.സി1/ 2016/ നി.സെ.) | |
| 13 | ചികിത്സാ സഹായം ആവശ്യപ്പെട്ട് ശ്രീ. മുസ്തഫ ചരുവിൽ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23166/എൻ.ആർ.കെ.ഡബ്ല്യൂസി1/ 2016/ നി.സെ.) | |
| 14 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. ചാത്തങ്ങാട്ട് പ്രകാശൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23169/എൻ.ആർ.കെ.ഡബ്ല്യൂ സി1/2016/നി.സെ.) | |
| 15 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. വി. വി. നാണു സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23171/എൻ.ആർ.കെ.ഡബ്ല്യൂ സി1/2016/നി.സെ.) | |
| 16 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. വി. വി. നാണു സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23173/എൻ.ആർ.കെ.ഡബ്ല്യൂ സി1/2016/നി.സെ) | |
| 17 | ക്ഷേമനിധിയിൽ അംശാദായം അടയ്ക്കുന്നതിലുണ്ടായ വീഴ്ച പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. എം. ശങ്കരൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23176/എൻ.ആർ.കെ.ഡബ്ല്യൂ സി1/2016/നി.സെ.) | |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 18 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. അബ്ദുൾ ഖാദർ, കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 18715/എൻ.ആർ.കെ.ഡബ്ല്യു സി2/2013/നി.സെ.) | |
| 19 | യമനിലെ പ്രവാസികൾ നേരിടുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് പ്രവാസി ഇൻഡ്യൻ വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 19644/എൻ.ആർ.കെ.ഡബ്ല്യു.സി2/14/നി.സെ.) | |
| 20 | അബുദാബിയിൽ വച്ച് മരണമടഞ്ഞ ഭർത്താവിന്റെ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രീമതി ഇന്ദിരാ കുമാരി. എസ്. സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 24379/എൻ.ആർ.കെ.ഡബ്ല്യു.സി2/15/നി.സെ.) | |
| 21 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. ടി. കെ. ഭാസ്കരൻ, കല്ലായി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23159/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |
| 22 | പ്രവാസികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ടി. കെ. കണ്ണൻ, നാദാപുരം, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23161/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 23 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഉസ്മാൻ താന്നിക്കൽ, കെ.എം.സി.സി. കൊണ്ടോട്ടി മുനിസിപ്പൽ കമ്മിറ്റി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23163/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |
| 24 | ചികിത്സാ ധനസഹായവും മരണാനന്തര ആനുകൂല്യവും ലഭിക്കുന്നതിനായി ശ്രീമതി ചന്ദ്രിക, ചേമൻചേരി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23165/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |
| 25 | വിവാഹ ധനസഹായം ലഭിക്കുന്നതിനായി ശ്രീ. സി. എ. കുഞ്ഞോയി താമരശ്ശേരി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23168/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |
| 26 | ധനസഹായം ആവശ്യപ്പെട്ട് ശ്രീ. ഷെറീഫ് ജാസ്മിൻ, കൊയിലാണ്ടി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23170/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |
| 27 | ഭർത്താവിന്റെ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രീമതി ഖദീജ, ത്തുവക്കോട്, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23170/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 28 | കുവൈറ്റിലെ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. വി. മുസ്തഫ, മീൻചന്ത, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23175/എൻ.ആർ.കെ.ഡബ്ല്യു സി2/2016/നി.സെ.) | |
| | **പൊതു വിദ്യാഭ്യാസ വകുപ്പ്** | |
| 1 | സമിതി (2011-2014)യുടെ നാലാമത് റിപ്പോർട്ടിലെ 11, 12 ശിപാർശകൾ സംബന്ധിച്ച് (ഫയൽ നമ്പർ 12812/എൻ.ആർ.കെ.ഡബ്ല്യു സി1/2014/നി.സെ.) | പൊ.വി.എസ്1/175/ 17/ പൊ.വി. |
| | **തദ്ദേശസ്വയംഭരണ വകുപ്പ്** | |
| 1 | സ്റ്റേഷനറി തുടങ്ങുന്നതിന് അനുമതി ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹാരീസ് എം. സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 19632/എൻ.ആർ.കെ.ഡബ്ല്യു സി1/2014/നി.സെ.) | 71490/ഡി.സി3/2014/ ത.സ്വ.ഭ. തീയതി 15-12-2014 |
| | **തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്** | |
| 1 | മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച് (ഫയൽ നമ്പർ 17438/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2011/നി.സെ.) | |
| | **തദ്ദേശ സ്വയംഭരണ (ഇ) വകുപ്പ്** | |
| 1 | സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 37-ലെ ശിപാർശ സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു. സി1/2016/നി.സെ.) | ഇ.എം.1/37/2016/ത.സ്വ.ഭ. തീയതി 14-6-2016 |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| | **ഭക്ഷ്യപൊതുവിതരണ വകുപ്പ്** | |
| 1 | സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 38-ലെ ശിപാർശ സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2011/നി.സെ.) | |
| | **തൊഴിലും നൈപുണ്യവും വകുപ്പ്** | |
| 1 | സമിതി (2011-2014)യുടെ മൂന്നാമത് റിപ്പോർട്ട് അനന്തര നടപടി സംബന്ധിച്ച് (ഫയൽ നമ്പർ 16016/എൻ.ആർ.കെ.ഡബ്ല്യു.സി2/ 2013/നി.സെ.) | |
| 2 | സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 44-ലെ ശിപാർശ സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2016/നി.സെ.) | |
| | **ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്** | |
| 1 | സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 36-ലെ ശിപാർശ സംബന്ധിച്ച് (ഫയൽ നമ്പർ 15936/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2011/നി.സെ.) | ഇ.1002283/എ 2/2016/ പ്ലാനിംഗ് തീയതി 25-4-2017 |
| | **ആഭ്യന്തര വകുപ്പ്** | |
| 1 | മാഫിയ സംഘത്തിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ജയകുമാർ കേശവപ്പിള്ള, നാൽപുര, സൂറത്ത്, ഗുജറാത്ത് സമർപ്പിച്ചത് (ഫയൽ നമ്പർ 12347/എൻ.ആർ.കെ.ഡബ്ല്യു.സി2/ 2012/നി.സെ.) | |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 2 | കബളിപ്പിച്ച് പണം തട്ടിയെടുത്തവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ജോയിമോൻ എ. ജി. കോട്ടയം സമർപ്പിച്ചത് (ഫയൽ നമ്പർ 19630/എൻ.ആർ.കെ.ഡബ്ല്യു.സി2/ 2013/നി.സെ.) | |
| **ധനകാര്യവകുപ്പ്** | | |
| 1. | വായ്പാകുടിശ്ശിക ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. എം. എച്ച്. അബൂബക്കർ, പാലക്കാട് സമർപ്പിച്ചത് (ഫയൽ നമ്പർ 22032/എൻ.ആർ.കെ.ഡബ്ല്യു.സി2/ 2013/നി.സെ.) | |
| **ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്** | | |
| 1 | സമിതിയുടെ (2011-2014) ഒന്നാമത് റിപ്പോർട്ട് അനന്തര നടപടി സംബന്ധിച്ച് (ഫയൽ നമ്പർ 17619/എൻ.ആർ.കെ.ഡബ്ല്യു.സി2/ 2012/നി.സെ.) | |
| **റവന്യൂ വകുപ്പ്** | | |
| 1 | വസ്തുവിന്റെ കൈവശാവകാശരേഖ ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. വി. എം. ബഷീർ, മലപ്പുറം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15857/എൻ.ആർ.കെ.ഡബ്ല്യു.സി2/ 2013/നി.സെ.) | |

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 2 | സ്വന്തം സ്ഥലം മറ്റുള്ളവർ കയ്യേറിയതിനെതിരെ ശ്രീ. വി. വിജയകുമാർ, മല്ലശ്ശേരി, തോന്നി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 14097/എൻ.ആർ.കെ.ഡബ്ല്യ.സി2/ 2017/നി.സെ.) | |
| | **ഉന്നത വിദ്യാഭ്യാസ വകുപ്പ്** | |
| 1 | എൻ.ആർ.ഐ. ക്വാട്ടയിലെ ഫീസ് കുറയ്ക്കണ മെന്നഭ്യർത്ഥിച്ച് ശ്രീ. അബ്ദുൾ ഖാദർ ടി. പി., കണ്ണൂർ സമർപ്പിച്ചത്<br>(ഫയൽ നമ്പർ 18715/എൻ.ആർ.കെ.ഡബ്ല്യ.സി2/ 2013/നി.സെ.) | |
| 2 | സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ട് അനന്തര നടപടി സംബന്ധിച്ച്<br>(ഫയൽ നമ്പർ 13141/എൻ.ആർ.കെ.ഡബ്ല്യ.സി2/ 2014/നി.സെ.) | |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.